# അക്കാദമിക് മാസ്റ്റർ പ്ലാൻ UP



പി. ടി. എം. എ. എം. യു. പി സ്കൂൾ ചെറുമിറ്റം

വലിയപറമ്പ് പി. ഒ - 673637

# ഉള്ളടക്കം

1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. കുട്ടികളുടെ എണ്ണം 2024 -25
4. അധ്യാപകരുടെ എണ്ണം 2024 -25
5. 2023 -24ൽ കൈവരിച്ച നേട്ടങ്ങൾ
6. പൊതുലക്ഷ്യങ്ങൾ
7. മാസ്റ്റർപ്ലാൻ

ഭാഷ | അറബി | ഉറുദു | സംസ്കൃതം | ഇംഗ്ലീഷ് | ഹിന്ദി

അടിസ്ഥാന ശാസ്ത്രം

സാമൂഹ്യ ശാസ്ത്രം

ഗണിതം

കലാകായിക പ്രവൃത്തിപരിചയം

# ആമുഖം

പൂളിക്കൽ പഞ്ചായത്തിലെ ചെറുമിറ്റം എന്ന പ്രദേശത്തിന്റെയും പരിസര പ്രദേശങ്ങളുടേയും സാമുഹിക, വിദ്യഭ്യാസ, സാംസ്കാരിക ഉന്നമനത്തിൽ എന്നും നിറസാന്നിധ്യമായി നില കൊള്ളുന്ന സ്ഥാപനമാണ് പി. ടി. എം. എ. എം. യു. പി. സ്കൂൾ. നാല് പതിറ്റാണ്ടുകൾക്കപ്പുറം അക്ഷരാഭ്യാസത്തിന്റെകാര്യത്തിൽ ഈ പ്രദേശം വളരെ പിന്നിലായിരുന്നു. വിദ്യാഭ്യാസത്തിന് കിലോമീറ്ററുകൾ യാത്രചെയ്യേണ്ട അവസ്ഥയാണുണ്ടായിരുന്നത്. ദുർഘടമായ വഴികളിലൂടെയുള്ള ദുരിതയാത്ര കാരണം 10 വയസ്സ്കഴിഞ്ഞാണ് കുട്ടികളെ അന്ന്സ്കൂളിൽചേർത്തിയിരുന്നത്. തങ്ങളുടെ നാടിന്റെ ഈ പ്രയാസങ്ങൾ മനസ്സിലാക്കിയ അന്നത്തെ പൗരപ്രമുഖരുടെ കർമനിരതമായ പ്രയത്നത്തിന്റെ ഫലമായാണ് ഈ വിദ്യാലയം സ്ഥാപിതമായത്.

1976 ജൂൺ 1 ന് പാണക്കാട് പൂക്കോയതങ്ങളുടെ നാമധേയത്തിൽകെ. വി. കുഞ്ഞമ്മദ് ഹാജി മാനേജറായിസ്കൂൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. തുടക്കത്തിൽ 103 കുട്ടികളും 3 അധ്യാപകരുമാ ണുണ്ടായിരുന്നത്. കെ. എം മമ്മദ്കുട്ടി മാസ്റ്റർ ആയിരുന്നു പ്രഥനമ പ്രധാനാധ്യാപകൻ. 1983ൽ ഈ വിദ്യാലയം യു. പി സ്കൂളായി ഉയർന്നു. തുടർന്ന് നാടിന്റെ അവസ്ഥ മാറിത്തുടങ്ങി. അക്ഷരാഭ്യാസമുള്ളവരുടെ എണ്ണം കൂടിവന്നു. ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങിയവർ ഇവിടത്തെ അധ്യാപകരായിമാറി. ഈ വദ്യാലയത്തിൽ പഠിച്ച നല്ല ഒരുവിഭാഗം ശിഷ്യഗണങ്ങൾ ഇന്ന് വിവിധ മേഖലകളിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്നവരാണ്. സ്വകാര്യ അനംഗീകൃത സ്ഥാപനങ്ങളുടെമുന്നേറ്റത്തിൽ പൊതുവിദ്യാലയങ്ങളൽകുട്ടികളുടെ എണ്ണം കുറഞ്ഞപ്പോഴും രക്ഷിതാക്കളുടെ നിരന്തരമായ ആവശ്യത്തെ തുടർന്നും 2010ൽ പ്രീപ്രൈമറിക്ലാസുകളും ആരംഭിച്ചു. ഇപ്പോൾ LKG മുതൽ 7ാം ക്ലാസ് വരെയായി  510 കുട്ടികൾ ഈ വിദ്യാലയത്തിലുണ്ട്. ശ്രീമതി കെ. വി ഉമയ്യയാണ് ഇപ്പോൾ സ്കൂൾ മാനേജർ.

ശ്രീ. കെ എ ഉസ്മാൻ മാസ്റ്റർ പ്രധാനാധ്യാപകനും കൂടാതെ 22 സഹാധ്യാപകരും ഒരു ഓഫീസ് അറ്റൻൻഡരും ഉണ്ട്.കർമനിരതരായ അധ്യാപകരുടേയും നല്ലവരായ രക്ഷിതാക്കളുടേയും മാനേജ്മെന്റിന്റെയുംകൂട്ടായ ശ്രമഫലമായി ഈ വിദ്യാലയം ഉപജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു. കൂടാതെ കലാകായിക ശാസ്ത്ര മേളകളിലും ഉന്നത വിജയം നേടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കലാമേളകളിൽ ജില്ലാതലത്തിൽ 'എ' ഗ്രേഡ് വാങ്ങിയ വിദ്യാർത്ഥികൾ നമ്മുടെ അഭിമാനതാരങ്ങളാണ്. വിവിധ ക്ലബ്ബുകൾ, വിദ്യാരംഗം കലാസാഹിത്യവേദി, LSS - USS പരിശീലനം, പഠനപിന്നോക്കക്കാർക്കായി പ്രത്യേക പരിശീലനം, രക്ഷിതാക്കൾക്ക് മോട്ടിവേഷൻ ക്ലാസുകൾ, കുട്ടികൾക്കായി വിദഗ്ദ്ധരുടെ ക്ലാസുകൾ എന്നിവ പഠനത്തോടൊപ്പം ഇവിടെ നടന്നുവരുന്നു.

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : പി. ടി. എം. എ. എം. യു. പി. സ്കൂൾ ചെറുമിറ്റം |
| വിലാസം | : വലിയപറമ്പ് (po) 673637 (pin) |
| ഫോൺ നമ്പർ | : 9446641852 |
| ഇമെയിൽ അഡ്രസ് | : cherumittamptmamupschool@gmail.com |
| സ്കൂൾ കോഡ് | : 18370 |
| വിദ്യാഭ്യാസ ഉപജില്ല | : കൊണ്ടോട്ടി |
| വിദ്യാഭ്യാസ ജില്ല | : മലപ്പുറം |
| റവന്യൂജില്ല | : മലപ്പുറം |
| ബി. ആർ.സി | : കൊണ്ടോട്ടി |
| സി. ആർ. സി | : തടത്തിൽപറമ്പ് |
| ഗ്രാമപഞ്ചായത്ത് | : പുളിക്കൽ |
| ബ്ലോക്ക് പഞ്ചായത്ത് | : കൊണ്ടോട്ടി |
| നിയമ സഭാമണ്ഡലം | : കൊണ്ടോട്ടി |
| ലോകസഭാ മണ്ഡലം | : മലപ്പുറം |
| താലൂക്ക് | : കൊണ്ടോട്ടി |
| വില്ലേജ് | : പുളിക്കൽ |

**കുട്ടികളുടെ എണ്ണം 2024-25**

| | |
|---|---|
| I. | 70 |
| II. | 48 |
| III. | 73 |
| IV. | 67 |
| V. | 78 |
| VI. | 75 |
| VII. | 92 |
| ആകെ | 508 |

**അധ്യാപകരുടെ എണ്ണം 2024-25**

| | |
|---|---|
| ഹെഡ്മാസ്റ്റർ | 01 |
| LPST | 09 |
| UPST | 08 |
| Language | 05 |

## 2023-24ൽ കൈവരിച്ച നേട്ടങ്ങൾ

2023-24 അധ്യായന വർഷത്തിൽ 5 LSS ഉം 5 USS ഉം കരസ്ഥമാക്കി.ലൈബ്രറി കൗൺസിലിന്റെ കീഴിൽ സ്റ്റാർസ് ബഡ്ഡിംഗ് റൈറ്റേഴ്സ് പദ്ധതിയുടെ ഭാഗമായി 55 പുസ്തകങ്ങൾ ഞങ്ങളുടെ സ്കൂൾ ലൈബ്രറിയിലേക്ക് ലഭിച്ചു. കൊണ്ടോട്ടി സബ്ജില്ലാ കായികമേളയിൽ LP കിഡ്ഡീസ് വിഭാഗത്തിൽ 50, 100 ഓട്ട മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി സബ് ജില്ലയിലെ LP കിഡ്ഡീസ് വിഭാഗത്തിലെ വേഗതയേറിയ ഓട്ടക്കാരൻ ആയി ഞങ്ങളുടെ സ്കൂളിലെ 2 A ക്ലാസ്സിലെ മുഹമ്മദ് സബീഹിനെ തിരഞ്ഞെടുത്തു.2023-24 അധ്യയനവർ ഷത്തിലെ സബ് ജില്ലാ കലാമേളയിൽ 76 പോയിന്റ് നേടി കൊണ്ട് യുപി ജനറൽ വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.യുപി വിഭാഗം അറബിക് കലോത്സവത്തിൽ 35 പോയിന്റ് നേടിക്കൊണ്ടു നാലാം സ്ഥാനം നേടി മികച്ച പങ്കാളിത്തം ഞങ്ങളുടെ സ്കൂൾ ഉറപ്പുവരുത്തി. 7A ക്ലാസിലെ അനന്യ(തമിഴ് പ്രസംഗം ), 7B ക്ലാസ്സിലെ ഹിബ ഫാത്തിമ (ഉറുദു കവിത രചന) എന്നിവർ ജില്ലയിലേക്ക് മത്സരിക്കുന്നതിനുള്ള നേട്ടം കൈവരിച്ചു.

മേഖല : അക്കാദമികം.
ഉപമേഖല : പഠനമികവ്.

## ലക്ഷ്യങ്ങൾ

- പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടിക്കളള ശരാശരി നില വാരത്തിലെത്തിക്കൽ.
- എല്ലാകുട്ടികൾക്കും പഠനനേട്ടം ഉറപ്പാക്കൽ

നിലവിലുള്ള പ്രശ്നനം : എല്ലാകുട്ടികളിലുംഎല്ലാ പഠനനേട്ടവും എത്തിക്കാൻ സാധിച്ചിട്ടില്ല.

## കാരണങ്ങൾ (കുട്ടികൾ)

- ശ്രദ്ധകുറവ്
- പഠനവേഗടയിലെ കുറവ്
- ഇടയ്ക്കിടെസ്കൂളിൽവരാതിരിക്കൽ
- ചില വിഷയങ്ങളിലുള്ള താത്പര്യകുറവ്
- കുടുംബപശ്ചാത്തലം

## അധ്യാപകൻ

- പാഠഭാഗങ്ങൾ എടുത്തുതീർക്കാനുള്ള ധൃതി
- കൃത്യമായ പ്രോസസിംഗിലൂടെ അധ്യാപനം കൊണ്ടുപോക നുള്ള സമയകുറവ്.
- കൃത്യമായ ആസൂത്രണത്തിന്റെകുറവ്.
- പഠനോപകരണങ്ങളുടെ ലഭ്യതകുറവ്.
- പിന്നോക്കക്കാരെകൂടുതലായിശ്രദ്ധിക്കാനുള്ള സമയക്കു റവ്.

## രക്ഷിതാകൾ

- കുട്ടിയുടെ പഠനകാരത്തിൽ ശ്രദ്ധയില്ലയ്മ.
- കലഹികുന്ന രക്ഷിതാകൾ.
- സംവിധനം
- ഉള്ളടകത്തിന്റെ ബാഹാല്യം.

## പരിഹാര നിർദ്ദേശങ്ങൾ

- ക്ലാസ്റൂം പ്രവർത്തനങ്ങളിൽഎല്ലാവരുടെയും ശ്രദ്ധഉറപ്പു വരുത്തുക.
- ക്ലാസ്റൂം പ്രവർത്തനങ്ങൾ രസപ്രദമാകുക.
- എല്ലാകുട്ടികൾകും ലഭ്യമാകുന്ന തരത്തിൽ പഠനോപകര ണങ്ങൾ സാഘടിപ്പികുക.
- രക്ഷിതാക്കളെബോധവൽകരികുക.
- കുട്ടികൾക്ക് എഡിറ്റിംഗിനുള്ള അവസരം ഒരുകുക.
- കൃത്യമായ പാഠാസൂത്രണം
- കൃത്യമായ പ്രസസിംഗിലൂടെ പഠന പ്രവർത്തനങ്ങൾ നടത്തുക.
- ഐ.സി. ടി സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- സി. പി. ടി. എ ഫലപ്രദമാക്കൽ.
- പ്രവർത്തന പദ്ധതി.

## മൊഡ്യൂൾ തയ്യാറാക്കാലും പഠന പുരോഗതിവിലയിരുത്തലും

- ശരാശരി നിലവാരത്തിലെത്തിക്കാനുള്ള പ്രത്യേക മൊഡ്യൂൾ തയ്യാറക്കൽ.
- മൊഡ്യൂൾവിഷയാടിസ്ഥാനത്തിൽ അധ്യാപകർക്ക് വിദജി ച്ചുനൽകൽ.
- ആവശ്യമായ പഠന സാമഗ്രികൾ നിർമ്മിക്കൽ.
- ദിവസവും ഒരു മണിക്കൂർസമയം പിന്നോക്കക്കാർക്കായി നീക്കിവെക്കൽ.
- ആഴ്ചയിലൊരിക്കൽ ടഞഏ യിൽ പഠന പുരോഗതിവില യിരുത്തൽ.
- ആവശ്യമായ വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ.
- പോസ്റ്റ്ടെസ്റ്റ് നടത്തി പഠന പുരോഗതി കണ്ടെത്തി സമ്മാനങ്ങൾ നൽകൽ.

## ബോധവൽകരണം

- പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളുടെ യോഗം വിളികുക.
- പിന്നോക്കാവസ്ഥബോധ്യാപ്പെടുത്തുക.
- പിന്നോക്കാവസ്ഥയുടെകാരണം കണ്ടെത്തുക.
- വീട്ടിൽ നിന്നും നൽകേണ്ട പിന്തുണ ബോധ്യപ്പെടുത്തുക.
- കുട്ടികളുടെ മികവുകൾ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ പ്രചരിപ്പികുക.
- കോർണർ PTA
- ICT സാധ്യതബോധ്യപ്പെടുത്തുക.

## ചുമതല

അധ്യാപകൻ, HM, SRG
പ്രവർത്തനകലണ്ടർ

## എല്ലാ ദിവസവും നടക്കേണ്ടത്.

പിന്നോക്കകാർക്ക് 1 മണിക്കൂർ പ്രത്യേക ക്ലാസ്.

## എല്ല ആഴ്ചയിലും നടക്കേണ്ടത്.

എല്ല ആഴ്ചയിലും SRG യോഗം

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതത്ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.

- ഓരോഘട്ടം പൂർത്തിയാകുമ്പോഴും കുട്ടിനേടേണ്ട അറിവും കഴിവും മുൻകൂട്ടിതയ്യാറാക്കി രക്ഷകർത്താക്കളെ അറിയിക്കും.

- ഭിന്നനിലവാരത്തിലുള്ള കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് അൻയോജ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

- എല്ലാകുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഭാഷകൾ സംസാരിക്കാനുംവായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.

- കുട്ടികളുടെ സർഗപരവും അക്കാദമികവും, കായികവുമായ കഴിവ് പരമാവധി പ്രോൽസാഹിപ്പിച്ച് ജില്ലാ,സംസ്ഥാന, ദേശീയ തലത്തിൽ ശ്രദ്ധേ യമായനേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

- കുട്ടികൾ നേടിയെടുത്ത കഴിവുകൾ പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള കഴിവ്വികസിപ്പിച്ചെടുക്കും.

# അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക്

| ലക്ഷ്യങ്ങൾ/ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|
| പുതിയ പദം സ്വായത്തമാക്കുന്നു, ക്രോഡീകരിക്കുന്നു | ദിവസവും ഓരോ പദങ്ങൾ നോട്ടീസ് ബോർഡിൽ നിന്ന് നോട്ട് പുസ്തകത്തിൽ എഴുതി വെക്കുന്നു | **Teacher** | ദീർഘ കാലം | **HM** |
| അറബി ഭാഷാ കഴിവുകൾ സ്വായത്തമാക്കുന്നു, പരിപോഷിപ്പിക്കുന്നു. | മാസത്തിൽഒരു അസംബ്ലി, ആഴ്ചയിൽ ഒരു പ്രാർത്ഥന, പ്രതിജ്ഞ എന്നിവ നടത്തുന്നു | **Teacher,5, 6,7** ക്ലാസ്സിലെ വിദ്യാർത്ഥികൾ | ദീർഘ കാലം | **HM** |
| വിവിധ സന്ദർഭങ്ങളിൽ ഭാഷ പ്രയോഗിക്കാൻ സാധിക്കുന്നു, ബോർഡുകൾ,പോസ്റ്ററുകൾ എന്നിവ തയ്യാറാക്കാൻ സാധിക്കുന്നു | വിവിധ ദിനാചരണങ്ങൾ, മറ്റു ബോർഡുകൾ, പ്ലക്കാർഡുകൾ, ബാനറുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട മാ റ്റുകളും ബോർഡുകളും **ICT** യുടെയും, മറ്റു വീഡിയോകളുടെയും സഹായത്തോടെ തയ്യാറാക്കുന്നു | **Teacher** | ഹ്രസ്വ കാലം | **HM** |
| റിപ്പോർട്ട് തയ്യാറാക്കാൻ സാധിക്കുന്നു | വിവിധ പരിപാടികൾ , ദിനാചരണങ്ങൾ എന്നിവയുടെ അറബിക് റിപ്പോർട്ടുകൾ തയ്യാറാക്കുന്നു | **STD 7**ലെ വിദ്യാർത്ഥികൾ, **Teacher** | പാദവാർഷിക പരീക്ഷക്ക് ശേഷം | **HM** |
| മാഗസിൻ തയ്യാറാക്കാൻ പരിശീലിക്കുന്നു, **ICT** യുടെ സാദ്ധ്യതകൾ മനസ്സിലാക്കുന്നു | **ICT** യുടെ സഹായത്താൽ ചെറിയ കഥകൾ, കവിതകൾ, വിവരണങ്ങൾ, ചിത്രങ്ങൾ, ജീവചരിത്രങ്ങൾ എന്നിവ തയ്യാറാക്കുന്നു. അവ ക്രോഡീകരിച്ച മാഗസിൻ തയ്യാറാക്കുന്നു | **5,6,7** ക്ലാസിലെ വിദ്യാർത്ഥികൾ, **Teacher** | ദീർഘ കാലം | **HM** |

# ഉറുദു

## മീഠി ആവാസ് :

▢വായനയെ പ്രോത്സാഹിപ്പിക്കൽ,
വായന കാർഡുകൾ, ഉറുദു ബാല മാസികകൾ, എന്നിവ വായനയ്ക്ക് ലഭ്യമാക്കൽ

## കയ്യെഴുത്ത് മാഗസിൻ:

▢ രചനാ ശേഷി വളർത്തൽ
▢ഉർദു കയ്യെഴുത്ത് മികച്ചതും ഭംഗിയുള്ളതുമാക്കൽ,
▢കുട്ടികളുടെ സർഗാത്മകത വളർത്തൽ ,
▢മാഗസിൻ നിർമ്മിക്കൽ,
▢ചുമർപത്രിക നിർമ്മിക്കൽ,
▢ വായനാ കാർഡ് നിർമ്മിക്കൽ,

## ഓൺലൈൻ മീഡിയ/ ഡിജിറ്റൽ മാഗസിൻ :

▢കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ,

## ദേകോ ഏക് സവാൽ:

▢കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ എല്ലാദിവസവും ഓരോ ചോദ്യങ്ങൾ നൽകുന്നു. മാസത്തിന്റെ അവസാനവാരം മത്സരം നടത്തുന്നു. വർഷാവസാനം നൽകിയ മുഴുവൻ ചോദ്യങ്ങളിൽ നിന്നും തിരഞ്ഞെടുത്ത 25 ചോദ്യങ്ങൾ ഉൾപ്പെടുത്തി ഒരു ഗ്രാൻഡ് മത്സരം നടത്തുന്നു. വിജയികൾക്ക് വാർഷിക ദിനത്തിൽ സമ്മാനം നൽകുന്നു.

## പഠോ..ലിഖോ..:

▢ കുട്ടികളുടെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് കഥ,കവിത,ചിത്ര വായന എന്നിവയ്ക്ക് സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

## ദിനാചരണ പ്രവർത്തനങ്ങൾ:

▢അക്ഷരമരം,പദമരം( പ്രത്യേകം നൽകുന്ന വിഷയവുമായി ബന്ധപ്പെട്ട് പദങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്)

## കയ്യെഴുത്ത് മത്സരം:

▢ഉർദു ഭാഷാ ദിനാചരണത്തിന്റെ ഭാഗമായി ഭാഷാ പ്രാധാന്യമുള്ള പ്രാദേശികയിടങ്ങൾ സന്ദർശിക്കൽ ,
▢വർഷത്തിലെ പ്രധാന ദിനങ്ങളിൽ ഉറുദു ഭാഷയിൽ വിവിധ പരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കൽ.

## മേരി ആവാസ് സുനോ:

▢5,6,7 ക്ലാസുകളിലെ പാഠപുസ്തകത്തിലെ കവിതകൾ ഈണത്തിൽ അവതരിപ്പിക്കൽ.
സംഗീത അഭിരുചിയുള്ള കുട്ടികൾക്ക് ഒരു പരിപോഷണ പരിപാടി എന്നതാണ് ഉദ്ദേശം.

## ഹമാരി അതാകാരി:

▢5,6,7 ക്ലാസുകളിലെ പാഠപുസ്തകത്തിലെ കഥകൾ നാടകമായും സംഭാഷണമായും അവതരിപ്പിക്കാനുള്ള അവസരം നൽകൽ.കുട്ടിയിലെ കലാപരമായുള്ള കഴിവിനെ വളർത്തിയെടുക്കലാണ് ലക്ഷ്യം.

# സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | **1.ഭാഷ ജ്ഞാനം**<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം.**<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. **<u>വീട് ഒരു പരീക്ഷണശാല.</u>**<br>**[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ]** | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. **<u>വായനാലോകം .</u>**<br>**[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ]** | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| **4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ .** | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| **5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.** | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| **6. <u>ആസ്വാദന ലോകം .</u>**<br>**ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി .** | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br><br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| **7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ .** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| **8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് .** | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# ENGLISH

| AIM | ACTIVITIES | TIME |
|---|---|---|
| *To speak read and write English without any mistakes.<br><br>*To enhance listening capacity. | Newspaper reading, library books reading, find words, make word web, picture description, sentence making, add more lines, develop stories, diary, Letter, making announcement, magazine, debate, skit, role play, concept map making, speech. (All activities based to develop LSRW) | Long term planning. |
| *To find out backward students in English language. | *Pre-test<br>*Remedial teaching | June<br>July |
| *To ensure student's writing and reading skill. | *Text book reading.<br>*Simple activities to develop writing.<br>*Dictation based on previously learnt words.<br>*Conversation completion.<br>*Simple story reading.<br>*Picture description.<br>*Word game. | July |
| *To develop reading and writing skills<br><br>*To develop vocabulary power | Reading skills :- Simple story reading.<br>Glossary workout, Dictionary making, Reading practice, Reading competition, Simple word identification.<br>Magazine preparation by students.<br>Story completion and conversation completion activities. | August<br>September |
| *To enrich vocabulary and speaking skill.<br><br>*To develop reading competence. | *Practice of day experience, Self introduction practice, Daily routine explanation in English.<br>*Reading textbook, Reading blackboard description, Paragraph reading. *Identification of words having same sound. | September |
| *To develop reading, writing and speaking skill | *Concept map making.<br>*Memorable experience description.<br>*Script writing | October |
| *LSRW development. | News reading, News report presentation, Poem writing, Story writing, Conversation making, Picture description. | October<br>November |
| *To develop listening skill. | *Story telling. | November |

| | | |
|---|---|---|
| *To develop comprehensive skill. | *Analyse a newspaper report.<br>*Read and appreciate story and poem. | December |
| *To develop listening skill, speaking skill.<br><br>*To enrich writing skill.<br><br>*To enrich LSRW | *Storytelling and explanation of life experience.<br>*Write the thoughts of a character.<br>*Preparation of announcement.<br>*Preparation of invitation card.<br>*Construct discourses like notice, profile..<br>*Understands sentence pattern<br>*Malayalam translation. | December |
| *Comprehension and Editing mistakes. | *Edit passage with errors. | January |
| *Meet the Foreigner | *It provides an opportunity to communicate with people who speak English language. | January |
| *Treasure Hunt | - Different materials are used to make different compartments. Each compartment is numbered and describes the item that will be drawn. Other children identify what the object is. Points are awarded. | January |
| *To enrich vocabulary power | *Refer to a dictionary and find meanings of difficult words.<br>*Find out glossary word, synonyms and example. | January |
| *Listening comprehension | *Demonstration of various videos based on chapter. | February |
| *Overall assessment | *Summative test based on LSRW. | March |

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# BASIC SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

# BASIC SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# PTMAMUPS CHERUMITTAM

## അക്കാദമിക മാസ്റ്റർ പ്ലാൻ (2024-25)

## SOCIAL SCIENCE (UP)

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന രീതി | ചുമതല | കാലയളവ് | ധനകാര്യം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| ദേശീയ ബോധം വളർത്തൽ | • സ്വാതന്ത്ര്യ സമരം,നേതാക്കൾ പരിചയപ്പെടൽ.<br>• രാജ്യസ്നേഹം വളർത്തൽ | • സ്വാതന്ത്യ ദിനം,റിപ്പബ്ലിക്ക് ദിനം,ക്വിറ്റ് ഇന്ത്യ ദിനാചരണം<br>• ഡോക്യുമെന്ററി,സിനിമ പ്രദർശനം<br>• ബോധവൽക്കരണം | • സോഷ്യൽ സയൻസ് ക്ലബ്<br>• ക്ലാസ് തലം<br>• സ്കൂൾ തലം | • വിഷയാധ്യാപകർ<br>• പി.ടി.എ | ഒരു വർഷം | SSG<br>PTA | HM |
| ജനാധിപത്യബോധം വളർത്തൽ | • ജനാധിപത്യത്തിന്റെ പ്രാധാന്യം<br>• തിരഞ്ഞെടുപ്പ് രീതി<br>• ഭരണ രീതികൾ | • സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്<br>• ക്ലാസ്സ് ലീഡർ തിരഞ്ഞെടുപ്പ്<br>• ചർച്ചകൾ | • സ്കൂൾ തലം<br>• ക്ലാസ് തലം<br>• സോഷ്യൽ സയൻസ് ക്ലബ് | • വിഷയാധ്യാപകർ<br>• പി.ടി.എ | ആഗസ്റ്റ് സെപ്റ്റംബർ | PTA | HM |
| ചരിത്രബോധം വളർത്തൽ | • പ്രാചീനകാലം മുതൽ മനുഷ്യൻ നടത്തിയ അതിജീവനം<br>• ആധുനിക കാലത്തിന്റെ വളർച്ചയിൽ ചരിത്രത്തിന്റെ പ്രാധാന്യം | • ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശനം<br>• സെമിനാർ<br>• ചരിത്ര പ്രദർശനം | • സോഷ്യൽ സയൻസ് ക്ലബ്<br>• സ്കൂൾ തലം | • വിഷയാധ്യാപകർ | ഒരു വർഷം | SSG<br>PTA | HM |
| അവകാശങ്ങളും കടമകളും മനസ്സിലാക്കൽ | • ജനാധിപത്യത്തിൽ അറിഞ്ഞിരിക്കേണ്ട വ്യക്തി അവകാശങ്ങൾ | • ഭരണഘടനാ ദിനാചരണം<br>• ഭരണഘടന- ചർച്ച<br>• ദേശീയ ദിനങ്ങൾ – | • ക്ലാസ് തലം<br>• സ്കൂൾ തലം | • വിഷയാധ്യാപകർ | നവംബർ, ഡിസംബർ | SSG | HM |

| | | | | | | | |
|---|---|---|---|---|---|---|---|
| | • വ്യക്തി രാജ്യത്തോട് ചെയ്യേണ്ട കടമകൾ | ആചരണം | | | | | |
| ഭൂമിശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങൾ | • സൗരയൂഥം,ഭൂമി,ഇന്ത്യ, കേരളം എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ<br>• ഭൂമിശാസ്ത്ര പഠനം ജീവിതത്തിൽ<br>• പുതിയ അറിവുകൾ | • പ്ലാനിറ്റേറിയം സന്ദർശനം<br>• ശാസ്ത്രമേള<br>• ഡോക്യുമെന്ററി പ്രദർശനം | • സോഷ്യൽ സയൻസ് ക്ലബ്<br>• സ്കൂൾ തലം | • വിഷയാധ്യാപകർ<br>• പി.ടി.എ | ഒരു വർഷം | SSG<br>PTA | HM |
| സമൂഹത്തിൽ വ്യക്തിയുടെ പങ്ക് മനസ്സിലാക്കൽ | • ലഹരി,അക്രമം, തുടങ്ങിയവ വ്യക്തിക്കും സമൂഹത്തിനും ഉണ്ടാക്കുന്ന നഷ്ടങ്ങൾ മനസ്സിലാക്കൽ. | • ലഹരി ബോധവൽക്കരണം<br>• സെമിനാർ<br>• ഡോക്യുമെന്ററി പ്രദർശനം<br>• ദിനാചരണം | • ക്ലാസ് തലം<br>• സ്കൂൾ തലം | • അധ്യാപകർ<br>• PTA | ജൂലൈ ഓഗസ്റ്റ് | PTA | HM |

# UP തലം ഗണിതം

| ലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന രീതി | ചുമതല | കാലയളവ് | ധനകാര്യം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| • ഗണിതത്തിന്റെ അടിസ്ഥാന ശേഷികൾ എല്ലാവരിലും എത്തിക്കുക. | • സങ്കലനം വ്യവഗലനം ഗുണനം ഹരണം | • ഗണിതവുമായി ബന്ധപ്പെട്ട കളികൾ ( പാമ്പും കോണിയും, ഡൈസ് കളി, നൂറ്റാംകോൽ കളി എന്നിവ ഭിന്നനിലവാരക്കാർക്ക്) | • ക്ലാസ് തലം<br>• ഗ്രൂപ്പ് തലം | • വിഷയാധ്യാപകൻ<br>• ഗ്രൂപ്പ് ലീഡർ | • മധ്യകാലം | • PTA | • HM |
| • പ്രയോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | • വസ്തുതകൾ അറിഞ്ഞ് ഗണിതക്രിയകളിൽ ഏർപ്പെടുക. | • ഗണിതപ്രശ്നങ്ങൾ തയ്യാറാക്കൽ. | • ക്ലാസ് തലം<br>• ഗ്രൂപ്പ് തലം | • വിഷയാധ്യാപകൻ<br>• OSA | • ദീർഘകാലം<br>• വർഷത്തിൽ ഒരു തവണ | • PTA | • HM |
| • ഗണിതം ജീവിതത്തിന്റെ ഭാഗമാണെന്ന് ബോധ്യപ്പെടുത്തൽ. | • പലവസ്തുക്കളുടെ, ക്ലാസ് മുറിയുടെ,വീടിന്റെ എല്ലാം നീളം, വീതി എന്നിവ അളക്കൽ<br>• പരപ്പളവ് ,വ്യാപ്തം, അംശബന്ധം,ചുറ്റളവ്, എന്നിവ കണ്ടെത്തൽ<br>• കരണങ്ങൾ കൈകാര്യംചെയ്യൽ<br>• ജ്യാമിതീയരൂപങ്ങൾ ചുറ്റുപാ | • ICT,<br>• ഫീൽഡ് ട്രിപ്പ്.<br>• അഭിമുഖം.<br>• ഒറിഗാമിശിൽപ്പശാല<br>• ഗണിതപാർക്ക് | • ഗണിതക്ലബ് | • ക്ലബ് കൺവീനർ | • നിരന്തരം<br>• വർഷത്തിൽ ഒരു തവണ | • PTA<br>• OSA<br>(സ്പോൺസർഷിപ്പ് ) | • HM |

# UP തലം ഗണിതം

| | | | | | | | |
|---|---|---|---|---|---|---|---|
| | ടുനിന്ന് ക ണ്ടെത്തൽ. | | | | | | |
| • ഭിന്നസംഖ്യ എന്ന ആശയം ക്രിയകൾ എല്ലാവരിലും എത്തിക്കുക | • ദശാംശ രൂപങ്ങൾ, മിശ്രഭിന്നം, വിഷമഭിന്നം, പൂർണ്ണസംഖ്യയു മായുള്ള ബന്ധം എന്നിവ ഉറപ്പിക്കുന്നു. | • ICT, ഭാഗങ്ങളാക്കൽ, ഷെയ്സ് ചെയ്യൽ<br>• ഗണിത ശില്പശാല | • ഗണി തക്ല ബ് | • ക്ലബ് കൺവീന ർ<br>• മറ്റ് അധ്യാപക ർ | • മധ്യ കാലം | • PTA | • HM |
| • മത്സര പരീക്ഷകൾ ക്ക് പ്രാപ്തരാക്കുക. | • USS, ന്യൂ മാറ്റ്സ് തുടങ്ങിയ മത്സര പരീക്ഷകൾ ക്ക്കുട്ടികളെ സജ്ജരാക്കുക. | • മത്സരങ്ങൾ സംഘടിപ്പിക്കു ന്നു. Skill development ക്ലാസുകൾ | • ഗണി തക്ല ബ്<br>• ക്ലാസ് തലം | • ക്ലാസ് കൺവീന ർ<br>• വിഷയാ ധ്യാപകൻ<br>• OSA | • നിരന്ത രം | • PTA<br>• OSA | • HM |

# കലാകായിക പ്രവൃത്തിപരിചയം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ചിത്രരചനയിൽ പ്രാവീണ്യം നേടൽ, പ്രവൃത്തി പരിചയം | • ക്രസ്തുമസ്, ഓണം അവധിക്കാലത്ത് 4 ദിവസത്തെ ചിത്ര രചനാ പരിശീലനം ഒറിഗാമി. | • 4 ദിവസം | • സ്റ്റാഫ് സെക്രട്ടറി | • രക്ഷിതാക്കൾ |
| • കായികപരിശീലനം കാര്യക്ഷമമാക്കൽ | • കായിക പരിശീലനം ആഴ്ചയിലൊരുദിവസം വൈകുന്നേരം. | • ആഴ്ചയിലെ ഒരുദിവസം | • ചുമതലയുള്ള അധ്യാപകൻ | |
| • കുട്ടികളുടെവിവിധ സൃഷ്ടികൾ പരിശോധിച്ച് മികച്ചത് തെരെഞ്ഞെടുത്ത് പ്രസിദ്ധീകരിക്കൽ | • കഥ, കവിത, കർട്ടൂൺ, പ്രസംഗം തുടങ്ങിയ സാഹിത്യസൃഷ്ടികൾ SRS യുടെ ഉപസമതി പരിശോധിച്ച് പ്രസിദ്ധീകരണ യോഗ്യമായവരെ തെരഞ്ഞെടുക്കൽ, പ്രസിദ്ധീകരിക്കൽ. | • വർഷത്തിൽ ഒരു പ്രാവശ്യം | • ഭാഷ ക്ലബ് | • പരസ്യം |